LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിലെ പ്രവർത്തനങ്ങളിലെ കാലതാമസം

44 [855] ശ്രീ. കെ. പി. രാജേന്ദ്രൻ :

„ പി. എസ്. സുപാൽ :

„ എം. കുമാരൻ :

„ ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരീക്ഷാ നടത്തിപ്പിലെയും, റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിലെയും കാലതാമസം ഒഴിവാക്കാൻ പി.എസ്.സി. നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയാണ് ;

(ബി) നിലവിൽ, ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള എത്ര റാങ്ക് ലിസ്റ്റുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ എത്ര പേർ ഉൾപ്പെടുന്നുണ്ട് ;

(ഡി) ഒരാളെപ്പോലും നിയമിക്കാതെ റാങ്ക് ലിസ്റ്റുകൾ റദ്ദായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നിയമനം നടത്തുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. വഴി കഴിഞ്ഞ ഓരോ വർഷവും എത്ര പേരെ വീതം നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി.-യുടെ നിലപാടിനെതിരായി വിധി പ്രസ്താവിച്ച് കേസുകൾ

46 [858] ശ്രീ. വർക്കല കഹാർ :

„ കെ. മോഹൻകുമാർ :

„ ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗ നിയമനത്തിനുവേണ്ടി പരീക്ഷ നടത്തിയതിലുണ്ടായ അപാകതകളെപ്പറ്റി എത്ര കേസുകൾ ഹൈക്കോടതിയിലെത്തിയിട്ടുണ്ട് എന്ന് അറിയിക്കാമോ ;

(ബി) ഈ കാലയളവിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിനെ ചോദ്യം ചെയ്തുകൊണ്ട് എത്ര കേസുകൾ ഹൈക്കോടതിയിലെത്തി ;

(സി) ഈ കാലയളവിൽ യോഗ്യതയില്ലാത്ത ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ പെടുത്തിയത് സംബന്ധിച്ച് എത്ര കേസുകൾ ഹൈക്കോടതിയിലെത്തി ; ഇത്തരത്തിൽ ഹൈക്കോടതി മുമ്പാകെ വന്ന കേസുകളിൽ എത്രയെണ്ണത്തിൽ ഹൈക്കോടതി പി.എസ്.സി.-യുടെ നിലപാടിനെതിരായി വിധി പ്രസ്താവിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി.-യുടെ പരിധിയിൽപ്പെടാത്ത നിയമനങ്ങൾ

47 [860] ശ്രീ. ലൂഡിലൂയിസ് :

„ ഇ. എം. അഗസ്തി :

„ എം. കെ. പോൾസൺ മാസ്റ്റർ :

„ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ പി.എസ്.സി.-യുടെ പരിധിയിൽപ്പെടാത്ത നിയമനങ്ങൾ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ സീനിയോറിറ്റി ലിസ്റ്റ്

48 [861] ശ്രീ. ടി.യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. വഴി ഒരു ജില്ലയിൽ (DRB) നിയമനം ലഭിച്ചാൽ അടുത്ത പ്രമോഷന് മുമ്പ് ജില്ലാന്തര സ്ഥലംമാറ്റം വാങ്ങുന്നവർക്ക് സീനിയോറിറ്റി നഷ്ടപ്പെടും എന്ന് പറയുന്നത് ശരിയാണോ ;

(ബി) എങ്കിൽ സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിൽ അന്തർ ജില്ലാ സ്ഥലംമാറ്റം വാങ്ങിയിട്ടും സീനിയോറിറ്റി നഷ്ടപ്പെടാത്തത് എന്തുകൊണ്ടാണ് എന്ന് പറയാമോ ;

(സി) ശമ്പളമില്ലാത്ത അവധി എടുത്ത് വിദേശത്ത് പോയി ജോലി ചെയ്തു വരുന്നവർക്ക് പ്രസ്തുത കാലയളവിലെ സീനിയോറിറ്റി നഷ്ടപ്പെടുമോ ;

(ഡി) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ സീനിയോറിറ്റി ലിസ്റ്റ് ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ പ്രസിദ്ധീകരിക്കുവാൻ കഴിയുമോ ;

(ഇ) 2005 ആഗസ്റ്റ് 30-ലെ G.O. (Ms) No. 59/2005/പ്ലാനിംഗ് പ്രകാരമുള്ള ഗവൺമെന്റ് ഉത്തരവ് ഇറങ്ങിയിട്ടും ഇതുവരെയും ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുക്കാത്തത് എന്തുകൊണ്ടാണ് എന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly